**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 910** **09-10-2024 - ൽ മറുപടിയ്ക്ക്**

**വനാതിർത്തി നിശ്ചയിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനാതിർത്തി നിശ്ചയിക്കൽ നിലവിൽ ഏത് ഘട്ടത്തിലാണ്; വനാതിർത്തികൾ ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (എ) | സംസ്ഥാനത്തെ വനാതിർത്തി 16,846 കിലോമീറ്ററാണ്. ഇതിൽ അടയാളം രേഖപ്പെടുത്തേണ്ട ആവശ്യമില്ലാത്ത പ്രകൃത്യാൽ അതിരുകൾ ഉള്ള ദൂരം 5291.26 കിലോമീറ്റർ. അടയാളം രേഖപ്പെടുത്തുവാനുള്ള അതിർത്തിയുടെ ദൂരം 11,554.74 കിലോമീറ്ററാണ്. ആയതിൽ 2023 - 24 വർഷം വരെ 10671.6775 കിലോമീറ്റർ ദൂരം വനാതിർത്തി നിർണ്ണയിച്ച് ജണ്ട കെട്ടി വേർതിരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഇനി ജണ്ടകൾ നിർമ്മിക്കുവാൻ ബാക്കിയുള്ള 883.0625 കിലോമീറ്റർ ദൂരത്തിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് വരുന്ന രണ്ടു വർഷങ്ങൾ കൊണ്ട് വനാതിർത്തി നിർണ്ണയം പൂർത്തീകരിയ്ക്കുവാനാണ് ഉദ്ദേശിക്കുന്നത്.<br><br>കൂടാതെ ആധുനിക സാങ്കേതിക സംവിധാനങ്ങൾ ഉപയോഗിച്ച് നിലവിലുള്ള കാടിന്റെ അതിർത്തി നിർണ്ണയം പൂർത്തീകരിച്ച് ഡിജിറ്റലൈസ് ചെയ്യുന്ന പ്രവൃത്തി, ജിയോ റഫറൻസിംഗ് എന്നിവ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. വനാതിർത്തി ഡിജിറ്റൽ സർവ്വേ ചെയ്യുന്നതിനായി സർക്കാരിന്റെ 'എന്റെ ഭൂമി' പദ്ധതിയുടെ ഭാഗമായി സർവ്വേ & ലാന്റ് റെക്കോർഡ്സ് വകുപ്പുമായി ചേർന്ന് ആദ്യഘട്ടത്തിൽ ഡിജിറ്റൽ സർവ്വേക്കായി പരിഗണിച്ചിട്ടുള്ള 200 വില്ലേജുകളിൽ വനഭൂമി ഉൾപ്പെട്ട വില്ലേജുകൾ 38 എണ്ണം ആണ്. ഇതിൽ ഡിജിറ്റൽ സർവ്വെ പൂർത്തീകരിച്ച 125 വില്ലേജുകളിൽ 11 എണ്ണം വനഭൂമി ഉൾപ്പെടുന്നവയാണ്. |

സെക്ഷൻ ഓഫീസർ